**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115** **25-06-2024 - ൽ മറുപടിയ്ക്ക്**

**കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയ്യ്ക്ക് സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയ്യ്ക്ക് സ്മാരകമായി കാസർഗോഡ് കന്നഡ അക്കാദമി സ്ഥാപിക്കുന്നതിന് ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് വർഷം എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കന്നഡ ഭാഷാ മഹാകവി ഡോ. കയ്യാർ കിഞ്ഞണ്ണറൈ സ്മാരക സാംസ്കാരിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ബജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയോ എന്നും ഏതെല്ലാം കാര്യങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ളതെന്നും അല്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്നതെന്നും വിശദമാക്കാമോ; | (ബി) | ടി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും തയ്യാറാക്കിയ 2.5 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ സ്മാരക മന്ദിരം സ്ഥാപിക്കുന്നതിന് ബദിയടുക്ക വില്ലേജിലെ റീ സർവ്വേ നം. 1447/1ബി, 1499 -ൽപ്പെട്ട 30 സെന്റ് റവന്യൂ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇക്കാര്യത്തിൽ ഇതുവരെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രവർത്തനത്തിനു എപ്പോൾ തുടക്കം കുറിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ടി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും തയ്യാറാക്കിയ 2.5 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ സ്മാരക മന്ദിരം സ്ഥാപിക്കുന്നതിന് ബദിയടുക്ക വില്ലേജിലെ റീ സർവ്വേ നം. 1447/1ബി, 1499 -ൽപ്പെട്ട 30 സെന്റ് റവന്യൂ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ജില്ലയിൽ ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്മാരക നിർമ്മാണത്തിന്റെ നിർവ്വഹണ ചുമതല കാസർഗോഡ് ജില്ലാ പഞ്ചായത്തിനാണ്. |

സെക്ഷൻ ഓഫീസർ